**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2354 18.02.2016-ൽ മറുപടിക്ക്**

**സർക്കാർ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി ആരംഭിക്കുന്നത്**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഇ.കെ.വിജയൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇനിയും കാഷ്വാലിറ്റി ആരംഭിക്കാത്ത ഹോസ്പിറ്റലുകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉത്തരം എ യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;<br><br>(ഡി) പ്രസ്തുത ഉത്തരവു പ്രകാരം എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) എല്ലാ താലൂക്കാശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം ആരംഭിക്കണമെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട തുമാണ്. ഇത് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാകയാൽ സമീപ പ്രദേശത്തുള്ള മറ്റ് സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടും, ജനങ്ങളുടെ / ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചും നാഷണൽ ഹൈവേ / പ്രധാന റോഡുകൾ ഇവയുടെ സമീപത്തുള്ള താലൂക്കാശുപത്രി കളിലാണ് ഇപ്പോൾ മുൻഗണനാ ക്രമത്തിൽ കാഷ്വാലിറ്റി സംവിധാനം അനുവദിച്ചു വരുന്നത്. ആയതിനാൽ എല്ലാ താലൂക്ക്തല ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ